July 2020 | Vol. 8 | Issue-15

# EXCEL SNEHITHAN
# എക്സൽ സ്നേഹിതൻ

A PUBLICATION FROM EXCEL MINISTRIES



## മക്കളുടെ വ്യക്തിത്വത്തെ തിരിച്ചറിയുക.

അനിൽ ഇലന്തൂർ

EXCEL SNEHITHAN
എക്സൽ സ്നേഹിതൻ
July 2020 | Vol.8 | Issue-15
A PUBLICATION FROM EXCEL MINISTRIES

**Chief Editor**
Binu Joseph
Vadasserikkara

**Publisher**
Anil P M Elanthoor

**Publication Director**
Joby K C

**Managing Editors**
Benson N Varughese
Denny John

**Editor - in - Charge**
Liza Vijayan

**Editors**
Sumesh Sukumaran
Blesson P John
Kiran Kumar
Samson R M
Shinu Thomas
Shibu K John
Sumi Mathew

**Advisory Board**
George Koshy
Saji Paul
Sunil Kurian
Aby M Varghese
Abraham Malayil
Joji B John
Gigi Chacko
D Joy
Susamma John

**Patrons**
Thampy Mathew
Varkey Abraham

**Designing & Layout**
vithosh pixels

Excel Ministries
PB No-82,
Pathanamthitta P O
Kerala - 689645

EDITORIAL

# ഭയപ്പെടരുത് നാം വ്യത്യസ്തരാണ്..

2020 ന്റെ പകുതിയിലെത്തി നിൽക്കുമ്പോൾ ഭയപ്പാടുകളുടെ മദ്ധ്യത്തിലാണ് ലോക ജനത. എന്നാൽ ദൈവത്തിൽ വിശ്വസിക്കുന്നവർക്ക് അതിന്റെ മധ്യത്തിലും ഒരു വലിയ പ്രത്യാശയുണ്ട്. കാരണം പ്രശ്നകലുഷിതമായ അവസ്ഥയിലും നാം ദൈവകരങ്ങളിൽ സുരക്ഷിതരാണ്. ആകയാൽ നാം ഭയപ്പെടേണ്ടതില്ല എന്നാണ് ദൈവവചനം നമ്മെ ഓർമ്മിപ്പിക്കുന്നത്. വിശുദ്ധ ബൈബിളിൽ ലൂക്കോസിന്റെ സുവിശേഷം 12:32-ൽ ഇങ്ങനെ കാണുന്നു 'ചെറിയ ആട്ടിൻ കൂട്ടമേ ഭയപ്പെടരുത്'. ഇത് സകല മാനവ ജാതിയുടെയും രക്ഷകനായ ക്രിസ്തുവിന്റെ ധൈര്യപ്പെടുത്തലാണ്. ചെറിയ കൂട്ടം എപ്പോഴും പരിമിതിയുള്ളവരാണ്. അംഗബലം കൊണ്ടും കഴിവിന്റെ പരിമിതി കൊണ്ടും ചെറിയ കൂട്ടം എപ്പോഴും ഭയപ്പാടിൽ ആയിരിക്കും. അതുകൊണ്ടാണ് ദൈവം അവരെ ധൈര്യപ്പെടുന്നത്. ഇങ്ങനെ നാം ഭയപ്പെടാതിരിക്കുവാൻ നമ്മുടെ വ്യത്യസ്തതകൾ നാം തിരിച്ചറിയണം.

**1. വിലയേറിയ രത്നങ്ങളേക്കാൾ നാം മൂല്യം ഉള്ളവരാണെന്ന് തിരിച്ചറിയുക.**

നമ്മുടെ സൃഷ്ടിപ്പിൽ തന്നെ നമുക്കത് തിരിച്ചറിയുവാൻ കഴിയും. ഭയങ്കരവും അതിശയവുമായാണ് നാം സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. ഒരിക്കലും തെറ്റ് സംഭവിക്കാത്ത ദൈവത്തിന്റെ കരങ്ങളാൽ വ്യത്യസ്തയുള്ളവരായാണ് നാം സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. അവന്റെ കരവിരുത് നമ്മിൽ പ്രകടമായി കാണുന്നു.

**2. നമ്മൾ ചിന്തിക്കുന്നതിലും അപ്പുറം നാം ശക്തിയുള്ളവരാണ്.**

പലപ്പോഴും നമ്മുടെ ശക്തി നമുക്ക് തിരിച്ചറിയുവാൻ കഴിയുന്നില്ല. മാനുഷികമായി നാം ബലഹീനരാണെങ്കിലും ദൈവം നമ്മോടു കൂടെയുള്ളതിനാൽ നാം ശക്തരാണ്. നമുക്ക് തനിയെ ചെയ്യുവാൻ കഴിയാത്ത പല കാര്യങ്ങളും ദൈവത്തോടു കൂടെ നമുക്ക് സാധ്യമാകുന്നു. ആകയാൽ നാം തിരിച്ചറിയുക നമ്മെ ശക്തനാക്കുന്നവൻ മുഖാന്തരം നാം സകലത്തിനും മതിയാകുന്നു.

**3. ദൈവത്തിനായ് നാം വിളിക്കപ്പെട്ടവരാണ്.**

നാം ഒരിക്കലും ഒറ്റയ്ക്കല്ല കാര്യങ്ങൾ ചെയ്യുന്നത്. ദൈവത്തിന്റെ ഉദ്ദേശ്യം നിറവേറ്റേണ്ടതിനായി നാം വിളിക്കപ്പെട്ടവരാണ്. ദൈവത്തിന്റ സാന്നിധ്യം നമ്മോട് കൂടെയുണ്ട്. നാം വിലയേറിയവരും അവന്റെ മഹിമയ്ക്കായി സൃഷ്ടിക്കപ്പെട്ടവരും ആണ് . ആകയാൽ ഈ കോവിഡ് വ്യാപനത്തിന്റെ നാളുകളിൽ അത് തടയപ്പെടേണ്ടതിനായ് നമുക്ക് പ്രാർത്ഥിക്കാം. ദൈവത്തിന്റെ മഹത്വം നമ്മിലൂടെ മറ്റുള്ളവരിലേക്കും പകരാം.

*ലിസ്സാ വിജയൻ*

EXCEL SNEHITHAN
എക്സൽ സ്നേഹിതൻ
July 2020 | Vol.8 | Issue-15
A PUBLICATION FROM EXCEL MINISTRIES



മാതാപിതാക്കളോട്...



# മക്കളുടെ വ്യക്തിത്വത്തെ തിരിച്ചറിയുക.

**അനിൽ ഇലന്തൂർ**

ഓരോ കുഞ്ഞുങ്ങൾക്കും അവരവരുടേതായ വ്യക്തിത്വം ഉണ്ട്. നാം അത് തിരിച്ചറിയണം. അവരുടെ വ്യക്തിത്വ വികസനത്തിൽ മുഖ്യ പങ്ക് വഹിക്കുന്നവരാണ് മാതാപിതാക്കൾ, അദ്ധ്യാപകർ എന്നിവർ. വേണ്ട അംഗീകാരവും പരിലാളനവും അവർക്ക് ലഭിച്ചില്ലെങ്കിൽ അവരുടെ ജീവിതം പരാജയത്തിലേക്കും തകർച്ചയിലേക്കും പോകും.

അഡോൾഫ് ഹിറ്റ്ലർ 9 വയസ്സു വരെ സ്കൂളിലെ ഏറ്റവും മിടുക്കനായ നല്ല സ്വഭാവമുള്ള കുട്ടിയായിരുന്നു. എന്നാൽ തന്റെ പിതാവ് അവന്റെ വ്യക്തിത്വത്തെ തിരിച്ചറിയാതെ അവനിൽ അടിച്ചേൽപിച്ച കാര്യങ്ങൾ നിമിത്തം അവൻ പഠനത്തിൽ നിന്നും സൽസ്വഭാവങ്ങളിൽ നിന്നും മാറി ഒരു മൽസര സ്വഭാവമുള്ളവനായ് തീർന്നു. ലോകം കണ്ടിട്ടുള്ളതിൽ ഏറ്റവും ക്രൂരനായ സേച്ഛാധിപതിയായി താൻ മാറി. നമ്മുടെ മക്കളെ ഒരു വ്യക്തിയായി അംഗീകരിച്ച് കുടുംബ കാര്യങ്ങൾ, പ്രശ്നങ്ങൾ എന്നിവ അവരോട് പങ്കു വെയ്ക്കുകയും ചർച്ച ചെയ്യുകയും ചെയ്യുക. അത് അവരിൽ ധൈര്യവും ഊർജ്ജവും പകരും.

നിങ്ങളുടെ കുട്ടികൾ എന്താണോ അതംഗീകരിക്കുക.

കുട്ടിയെ അവർ ആയിരിക്കുന്നതുപോലെ അംഗീകരിക്കുക. അവർ കറുത്തതാണെങ്കിലും വെളുത്തതാണെങ്കിലും കഴിവുണ്ടങ്കിലും കഴിവില്ലെങ്കിലും അംഗീകരിക്കുക. കാരണം കുട്ടിയുടെ രൂപത്തിനും ഭാവത്തിനും അവരുടെ കഴിവുകൾക്കുമെല്ലാം ഉത്തരവാദികൾ മാതാപിതാക്കൾ ആണെന്നറിയുക. നമ്മുടെ കുട്ടികൾ ഈ ലോകത്തിൽ ദൈവം നൽകിയിട്ടുള്ള സമാനതകളില്ലാത്ത വ്യക്തിത്വത്തിന് ഉടമകളാണെന്ന് മനസ്സിലാക്കുക. ഒരിക്കൽപോലും അവർ മറ്റുള്ളവരെ പോലെയാകാൻ അവരെ പ്രേരിപ്പിക്കുകയോ പ്രോത്സാഹിപ്പിക്കുകയോ ചെയ്യരുത്. അവർ എന്താണോ അത് ആകാൻ അവരെ ഉത്സാഹിപ്പിക്കുക. കുട്ടികളുടെ വ്യക്തിത്വത്തെ തിരിച്ചറിഞ്ഞ് അവരെ ദൈവഹിതപ്രകാരം നമുക്ക് വളർത്തിയെടുക്കാം.



# ഡയറക്ടറുടെ കത്ത്

എക്സൽ മിനിസ്ട്രീസ് സഹപ്രവർത്തകർക്കും സഹകാരികൾക്കും ക്രിസ്തീയ വന്ദനം !

ലോകം മുഴുവനും കോവിഡ് 19 ന്റെ പാർശ്വഫലങ്ങൾ നേരിട്ടു കൊണ്ടിരിക്കുകയാണല്ലോ. കൊറോണ എന്ന ഇത്തിരി പോന്ന വൈറസ് മനുഷ്യനെ മുൾമുനയിൽ നിറുത്തിയിരിക്കുന്നു.

തൊഴിലില്ലായ്മയും, സാമ്പത്തിക പ്രതിസന്ധിയും, ഭയവും ആകുലതയും മനുഷ്യ മനസ്സിനെ വല്ലാതെ ഗ്രസിച്ചിരിക്കുന്നു. ഇതിന്റെ മദ്ധ്യത്തിൽ നാം ഒരു പക്ഷേ നിരാശപ്പെട്ടാം. എന്നാൽ ദൈവം സകലത്തെയും നിയന്ത്രിക്കുന്നു (God is in cotnrol) എന്ന സത്യം നമ്മെ കൂടുതൽ ധൈര്യപ്പെടുത്തണം.

ഭയം വേണ്ട, ശ്രദ്ധ മതി എന്ന വാക്ക് നാം പലപ്പോഴും കേട്ടു കഴിഞ്ഞു. രോഗം വരാതെ വേണ്ട മുൻകരുതലുകൾ സ്വീകരിക്കണം.

എക്സൽ മിനിസ്ട്രീസ് പ്രവർത്തനങ്ങൾ ഈ സാഹചര്യത്തിൽ വളരെ ശക്തമായി മുമ്പോട്ടു പോകുന്നു എന്നതിൽ ദൈവത്തെ സ്തുതിക്കുന്നു. വി ബി എസ്സ് സീസൺ ലോക്ഡൗണിലായപ്പോൾ ദുഃഖം തോന്നിയെങ്കിലും, ദൈവം വ്യത്യസ്തമായി എക്സൽ ടീമിനെ ഉപയോഗിക്കുന്നു.

Zoom, Facebook പോലുള്ള മാധ്യമങ്ങളിലൂടെ വിവിധ ഭാഷകളിലുള്ള ക്ലാസ്സുകളും, വി ബി എസ്സുകളും നടന്നു വരുന്നു.

ഫറവോൻ യിസ്രായേൽമക്കളെ അടിച്ചമർത്തുമ്പോഴെല്ലാം അവർ വർധിച്ചു പെരുകി എന്നാണ് വചനം പറയുന്നത്. ആദിമ സഭയിലും പീഡനം വർധിച്ചു സഭ വളർന്നു. ദൈവ വചനത്തെയും സുവിശേഷത്തെയും തടയുവാൻ ലോകത്തിൽ ആർക്കും സാദ്ധ്യമല്ല.

എക്സൽ മീഡിയയിലൂടെ വിവിധ ഭാഷകളിലുള്ള പരിപാടികൾ നടന്നു വരുന്നു. നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നന്ദി. ഈ പ്രതിസന്ധിഘട്ടത്തിൽ ഞങ്ങളോടൊപ്പം കൈകോർക്കുന്ന, പ്രാർത്ഥിക്കുന്ന ഏവരെയും ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു.

**പ്രാർത്ഥനയ്ക്കായി ചില വിഷയങ്ങൾ അറിയിക്കുന്നു.**

1. എക്സൽ മിനിസ്ട്രീസിലെ 25 ലധികം പൂർണ്ണ സമയ പ്രവർത്തകരെയും ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലുള്ള സ്വമേധാ പ്രവർത്തകരെയും ഓർത്ത് പ്രാർത്ഥിക്കുക.

2. എക്സൽ ടീമിന്റെ ഭാഗമായി പ്രവർത്തിച്ച പാസ്റ്റർ സിജു ഉള്ളന്നൂർ ക്യാൻസർ രോഗത്താൽ ഭാരപ്പെട്ട് RCC യിൽ ആയിരിക്കുന്നു. സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

3. വിവിധ ഭാഷകളിൽ നടക്കുന്ന Zoom Kids പരിപാടികൾക്കായി പ്രാർത്ഥിക്കുക.

4. എക്സൽ ഹോപ്പിന്റെ ഭാഗമായി നാം സാമ്പത്തികമായി സഹായിക്കുന്ന 130 ൽ അധികം കുഞ്ഞുങ്ങൾക്കായും അവരുടെ ഭവനങ്ങൾക്കായും പ്രാർത്ഥിക്കുക.

പ്രാർത്ഥന എന്ന ആയുധം നമുക്ക് ജയം നല്കും. അധൈര്യപ്പെടേണ്ട, പരസ്പരം ധൈര്യപ്പെടുത്താം. ബുദ്ധിമുട്ടുന്നവരെ കണ്ടെത്തി സഹായിക്കാൻ ഉത്സാഹിക്കാം. 'നന്മ ചെയ്യുന്നതിൽ തളർന്നു പോകരുത്'

കർത്താവിന്റെ വേലയിൽ

**ബിനു ജോസഫ്, വടശ്ശേരിക്കര**

# എക്സൽ VBS വാർത്തകൾ

## എക്സൽ ഓൺലൈൻ വി ബി എസ്സ്

എക്സൽ ഓൺലൈൻ വി ബി എസ്സ് എല്ലാ ബുധനാഴ്ചകളിലും വൈകുന്നേരം 5.30 ന് മലയാളത്തിലും ഇംഗ്ലീഷിലും ZOOM KIDS എന്ന പേരിൽ നടക്കുന്നു. ആക്ഷൻ സോംഗുകൾ, ഗെയിമുകൾ, മാജിക്ക്, പപ്പറ്റ് ഷോ, ആക്ടിവിറ്റികൾ എന്നിവ കുട്ടികൾക്കായി ഒരുക്കിയിരിക്കുന്നു. Sing 4 Him വിജയികൾ അതിഥികളായെത്തുന്നു.




---

## കുട്ടികളുടെ ഉപവാസ പ്രാർത്ഥന

എക്സൽ വി ബി എസ്സ് കുട്ടികളുടെ സമഗ്ര പരിപോഷണം ആഗ്രഹിച്ച് അവർക്കായി വ്യത്യസ്ത പ്രോഗ്രാമുകൾ അവതരിപ്പിക്കുന്നതിൽ എന്നും മുൻപന്തിയിലാണ്. ജൂലൈ 11 ന് സൂമിലൂടെ കുട്ടികൾക്കായ് ഉപവാസ പ്രാർത്ഥന നടത്തി. കുട്ടികൾ തന്നെ ആരാധന, മദ്ധ്യസ്ഥ പ്രാർത്ഥന, വചന ശുശ്രൂഷ എന്നിവയ്ക്ക് നേതൃത്വം കൊടുത്തു. ബ്ലസ്സൻ പി ജോൺ ഈ മീറ്റിംഗിന്റെ കോർഡിനേറ്ററായിരുന്നു.




# പുസ്തകത്തെ അറിയാം

എക്സൽ മിനിസ്ട്രീസിന്റെ പ്രസിദ്ധീകരണ വിഭാഗമാണ് എക്സൽ പബ്ലിക്കേഷൻസ്. എക്സൽ പബ്ലിക്കേഷൻസിൽ നിന്നും ഈടുറ്റതും പ്രയോജനപ്രദവുമായ വിവിധ നിലവാരത്തിലുള്ള നിരവധി ഗ്രന്ഥങ്ങൾ പുറത്തിറക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഈ ലക്കം അവയിൽ നിന്നും 'നൂറു മേനി' എന്ന ഒരു പുസ്തകം പരിചയപ്പെടുത്തട്ടെ. എക്സൽ സ്കൂൾ ഓഫ് ചൈൽഡ് ഇവാഞ്ചലിസത്തിന്റെ ചുമതല വഹിക്കുന്ന പാസ്റ്റർ ഷിബു കെ ജോണിന്റെ തൂലികയിൽ നിന്നും പുറത്തുവന്ന അമൂല്യ ഗ്രന്ഥമാണിത്. ജീവിത മുന്നേറ്റത്തിലേക്ക് ഈ പുസ്തകം വായനക്കാരെ നയിക്കുന്നു. 100 പ്രചോദന ചിന്തകൾ അടങ്ങിയ ഈ പുസ്തകം വായനക്കാരിൽ സമൂലമാറ്റം വരുത്തുകയും ക്രിസ്തുവിനോടൊപ്പം സമ്പൂർണ്ണ വിജയം സാദ്ധ്യമാക്കുകയും ചെയ്യുന്നു. ധാർമ്മിക മൂല്യങ്ങൾ വളർത്താനുതകുന്ന ഈ പുസ്തകത്തിന്റെ പ്രതികൾക്കായ് ബന്ധപ്പെടുക.

**ഡെന്നി ജോൺ: 97443 25604**
**ഷിബു കെ ജോൺ: 94473 83899**




# എക്സൽ VBS ഡൽഹി ചാപ്റ്റർ

ഡൽഹി ചാപ്റ്ററിന്റെ നേതൃത്വത്തിൽ എക്സൽ വി ബി എസ്സ് ZOOM KIDS ജൂലൈ 10 ന് ആരംഭിച്ചു. പാസ്റ്റർ R. ഏബ്രഹാം ( NICOG ജനറൽ സെക്രട്ടറി) മീറ്റിംഗ് ഉദ്ഘാടനം ചെയ്തു. പാസ്റ്റർ സാം ജോർജ്ജ് (IPC ഡൽഹി സ്റ്റേറ്റ് സെക്രട്ടറി) മുഖ്യ സന്ദേശം നൽകി. എക്സൽ ഡയറക്ടർമാരായ പാസ്റ്റർ ബിനു ജോസഫ്, പാസ്റ്റർ അനിൽ ഇലന്തൂർ, വിന്നി മാത്യു എന്നിവർ നേതൃത്വം വഹിച്ചു. കുട്ടികൾക്ക് ഇഷ്ടപ്പെടുന്ന വിവിധ പ്രോഗ്രാമുകൾ ഉൾപ്പെടുത്തി എല്ലാ വ്യാഴാഴ്ചകളിലും വൈകുന്നേരം 6 മണിക്ക് മീറ്റിംഗ് നടന്നു വരുന്നു.

# എക്സൽ VBS അയർലണ്ട് ചാപ്റ്റർ

എക്സൽ VBS അയർലണ്ട് ചാപ്റ്ററിന് ജൂലൈ 14 ന് അനുഗ്രഹീത തുടക്കം. എക്സൽ വി ബി എസ്സ് ഡയറക്ടർ ബിനു ജോസഫ് വടശ്ശേരിക്കര മീറ്റിംഗ് ഉദ്ഘാടനം ചെയ്തു. ആക്ഷൻ സോംഗുകൾ, ഗെയിമുകൾ, മാജിക്ക്, പപ്പറ്റ് ഷോ, ആക്ടിവിറ്റികൾ എന്നിവ കുട്ടികൾക്ക് ഏറെ ഹൃദ്യമായി. എല്ലാ ചൊവ്വാഴ്ചകളിലും വൈകുന്നേരം 8.30 ന് മീറ്റിംഗ് നടക്കുന്നു.

# എക്സൽ VBS തെലുങ്കാന & ആന്ധ്രാപ്രദേശ് ചാപ്റ്റർ

കുട്ടികൾക്കും കൗമാരക്കാർക്കും വേണ്ടി തെലുങ്കാന & ആന്ധ്രാപ്രദേശ് ചാപ്റ്റർ എക്സൽ സൂം വി ബി എസ്സ് ആരംഭിച്ചു. ജൂലൈ 12 ഞായറാഴ്ച മേരി ഈശ്വർ റെഡ്ഡി ഉദ്ഘാടനം നിർവ്വഹിച്ച മീറ്റിംഗിൽ പാസ്റ്റർ അനിൽ ഇലന്തൂർ സന്ദേശം അറിയിച്ചു. ആക്ഷൻ സോംഗുകൾ, ഗെയിമുകൾ, മാജിക്ക്, പപ്പറ്റ് ഷോ, ആക്ടിവിറ്റികൾ എന്നിവ കുട്ടികൾക്ക് ആസ്വാദ്യകരമായ നിലയിൽ ഉൾപ്പെടുത്തിയിരിക്കുന്ന മീറ്റിംഗ് എല്ലാ ഞായറാഴ്ചകളിലും വൈകുന്നേരം 4.30 ന് നടക്കുന്നു.



# എക്സൽ ഹോപ്പിന്റെ പുതിയ അധ്യയന വർഷത്തിന് അനുഗ്രഹീത തുടക്കം

എക്സൽ ഹോപ്പിന്റെ 2020-2021 അധ്യയന വർഷത്തിലെ മീറ്റിംഗിന്റെ ഉദ്ഘാടനം ജൂലൈ 9 വ്യാഴാഴ്ച രാവിലെ 11 മണിക്ക് നടന്നു. എക്സൽ ഹോപ്പ് സ്റ്റേറ്റ് കോർഡിനേറ്റർ പാസ്റ്റർ കിരൺ കുമാർ അദ്ധ്യക്ഷനായിരുന്ന ഈ മീറ്റിംഗ് എക്സൽ മിനിസ്ട്രീസ് ചെയർമാൻ റവ. തമ്പി മാത്യു ഉദ്ഘാടനം ചെയ്തു. എക്സൽ മിനിസ്ട്രീസ് ഡയറകടർമാരായ പാസ്റ്റർ ബിനു ജോസഫ്, പാസ്റ്റർ അനിൽ ഇലന്തൂർ എന്നിവർ സന്ദേശങ്ങൾ നല്കി. എസ്സ്. എസ്സ്. എൽ. സി പരീക്ഷയ്ക്ക് മുഴുവൻ വിഷയങ്ങൾക്കും A+ കരസ്ഥമാക്കിയ കുട്ടികൾക്ക് അവാർഡ് നല്കി. പാസ്റ്റർ സാംസൺ ആർ.എം, ബ്ലസ്സൻ. പി ജോൺ, സുമേഷ് സുകുമാരൻ, ജിൻസി അനിൽ, ശ്രീകല പ്രദീപ് എന്നിവർ ആശംസകൾ അറിയിച്ചു.




# ഇവർ നമ്മുടെ അഭിമാനം



**കല്ലട:** ഷെറിൻ കെ ജോൺ ജീന ഷെറിൻ ദമ്പതികളുടെ മകൾ റെയ്ച്ചൽ സൂസൻ ഷെറിൻ ഇക്കഴിഞ്ഞ CBSE പത്താം ക്ളാസ് പരീക്ഷയിൽ 92% മാർക്ക് വാങ്ങി അഭിമാന നേട്ടം കൈവരിച്ചു. എക്സൽ വി ബി സ് പ്രവർത്തനങ്ങളിൽ സജീവപങ്കാളിത്തം വഹിക്കുന്ന കുടുംബമാണ്. ചെറുപ്രായം മുതൽ റെയ്ച്ചൽ വിവിധ ആത്മീക പരിപാടികളിലും വിജയം കരസ്ഥമാക്കിയിട്ടുണ്ട്. കല്ലട ചർച്ച് ഓഫ് ഗോഡ് സഭാംഗമാണ് .



**തിരുവല്ല:** കിഴക്കൻ മുത്തൂർ സ്വദേശിയും മാത്യുവിന്റെയും മേഴ്സി മാത്യുവിന്റെയും മകൾ എൽസ മാത്യു 12 ാം ക്ലാസ് സി.ബി.എസ്.ഇ പരീക്ഷയിൽ മുഴുവൻ A1 വാങ്ങി വൻ വിജയം കരസ്ഥമാക്കി . ചെറുപ്രായം മുതൽ വിവിധ ആത്മീക പരിപാടികളിലും വിജയം കരസ്ഥമാക്കിയിട്ടുണ്ട്. എക്സൽ വിബിഎസ് പ്രവർത്തനങ്ങളിൽ സജീവ പങ്കാളിയാണ്. തിരുവല്ല പ്രയർ സെന്റർ ഐ. പി. സി. സഭാംഗമാണ് .



SSLC പരീക്ഷയിൽ ഫുൾ A+ വാങ്ങിയ സിബിൻ മാത്യുവിനെ ആദരിക്കുന്നു.

# എക്സൽ സ്കൂൾ ഓഫ് ചൈൽഡ് ഇവാഞ്ചലിസം (ESCE) വാർത്തകൾ

## എക്സൽ സ്കൂൾ ഓഫ് ചൈൽഡ് ഇവാഞ്ചലിസത്തിന്റെ പുതിയ എക്സറ്റൻഷൻ ബാച്ചുകൾ ആരംഭിച്ചു.

പാലക്കാട് : 15 പേരടങ്ങിയ പുതിയ ബാച്ച് പാലക്കാട് ജില്ലയിൽ ആരംഭിച്ചു.

കർണ്ണാടക: കന്നട സിലബസിലുള്ള ESCE യുടെ ആദ്യത്തെ സംരംഭം കർണ്ണാടകയിൽ ആരംഭിച്ചു. 35 പേർ ഈ ക്ലാസ്സുകളിൽ പങ്കെടുക്കുന്നു. ഇതിന്റെ വെർച്യുൽ ഉദ്ഘാടനം ജൂലൈ 11 ന് നടന്നു.




# EXCEL KARNATAKA NEWS

## Excel School of Child Evangelism

Excel School of Child Evangelism (ESCE), the training wing of Excel Ministries is ready to take its place in Karnataka from the last week. The course is mainly for Sunday School Teachers, Child Evangelists, and for those who are interested in Child Evangelism. This course aims at equipping the trainees with skills and knowledge to enhance professionalism in their evangelizing skills. We are planning to equip the trainees with professional skills like creative skills (puppet show, magic show) Interactive skills, effective child evangelism, effective Bible lesson presentation etc. This school will surely make great impact in the development of Child Evangelists in Karnataka as there is a scarcity of materials and resources in Kannada. Hence, the Faculty well experienced professional trainers in the respective field are also willing to do their best for the evangelization of Karnataka. The 35 Students are who registered had an Orientation Session in Zoom meeting on 8th July 2020 Wednesday @ 6.30pm. The Trainees appreciated the effort that Excel Team has taken to educate the people of Karnataka with the Child Evangelism Course. The Trainees who are in the Sunday school Ministry for years but is still unaware of how to train a child in a proper way. The Inauguration – Ps. T. D. Thomas, Ex-president IPC Karnataka State inaugurated the




Course of Excel School of Child Evangelism on 11th July 2020 Saturday with the participation of 45 members. The first Class of the Course will be taken on 18th July 2020, Saturday at 6:30pm.

# "EXPOSED" Premarital Webinar

This is a good news for youngsters. If you really care about your future, read on.. Excel Youth is inviting you to participate in "EXPOSED" Premarital Webinar Series starting from July 27th onwards. This webinar will not only deliver authentic knowledge about marriage and its purpose, but also equip you to keep from lot of troubles at present time. Yes, it might be a ONCE-IN-A-LIFE opportunity. Christian Counselling experts like Dr. Saji KP, Bensic Miranda, Dr.Mereen Punnen, Binu Joseph Vadasserikkara, Anil Elanthoor, Joby K. C & Shibu K. John Kallada are leading the main sessions. Classes will be in Malayalam & English languages. If you are a bachelor & above 16, you can register. The last date for registration is 25th July. Admission is for the first fifty people who register.This Webinar will be conducted under the leadership of Gladson James, Blesson P . John, Benson Varughese & Sumesh Sukumaran.

## എക്സ്പോസ്ഡ് പ്രീമാരിറ്റൽ വെബിനാർ

എക്സൽ യൂത്തിന്റെ നേതൃത്വത്തിൽ ജൂലൈ മാസം 27, 28 ഓഗസ്റ്റ് മാസം 1,2,8, 9 തീയതികളിൽ ഓൺലൈൻ വെബ്ബിനാർ നടത്തപ്പെടുന്നു കുടുംബ ജീവിതത്തിൽ മൂല്യച്യുതികൾ ഏറി വരുന്ന ഈ കാലയളവിൽ, വിവാഹത്തിന് മുൻപ് അറിഞ്ഞിരിക്കേണ്ട സുപ്രധാന വസ്തുതകളെക്കുറിച്ചു കൗൺസിലിംഗ് മേഖലയിലെ പ്രമുഖരായ ഡോ: സജി കെ. പി , ഡോ: മെറിൻ, ബെൻസിക് മിറാൻഡ, ബിനു ജോസഫ് വടശേരിക്കര, ഷിബു കെ. ജോൺ കല്ലട , അനിൽ ഇലന്തൂർ, ജോബി കെ സി തുടങ്ങിയവർ ക്ലാസ്സുകൾ നയിക്കുന്നു. അവിവാഹിതരായ 16 വയസിനു മുകളിലുള്ള ആർക്കും ഈ വെബ്ബിനാറിൽ പങ്കെടുക്കാം. മലയാളം, ഇംഗ്ലീഷ് ഭാഷകളിലാണ് ക്ലാസുകൾ. രജിസ്ട്രേഷൻ ചെയ്യുവാനുള്ള അവസാന തീയതി ജൂലൈ 25 ആണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന അമ്പതു പേർക്കാണ് പ്രവേശനം. ഗ്ലാഡ്സൺ ജെയിംസ്, ബെൻസെൻ വർഗീസ്, ബ്ലെസ്സൺ ജോൺ, സുമേഷ് സുകുമാരൻ തുടങ്ങിയവർ നേതൃത്വം നൽകുന്നു .




## PLEASE SEND YOUR DONATION TO

**Excel Ministries**
A/c No 67152344644
SBI , Elanthoor Branch
IFSC Code: SBIN0070762

**Excel Hope**
A/c No 67328994902
SBI , Elanthoor Branch
IFSC Code: SBIN0070762

# മിഷൻ 2020

എക്സൽ മിഷൻ ബോർഡിന്റെ ആഭിമുഖ്യത്തിൽ ജൂലൈ 16 ന് മിഷൻ 2020 എന്ന മിഷനറി ചലഞ്ചിങ്ങ് മീറ്റിംഗ് നടത്തി. പാസ്റ്റർ ഷിനു തോമസ് അധ്യക്ഷനായിരുന്ന മീറ്റിംഗിൽ പാസ്റ്റർ. എബി പി മാത്യു, ബീഹാർ വിശിഷ്ടാതിഥിയായിരുന്നു. ‘കൊയ്ത്തു വളരെയുണ്ട് വേലക്കാരോ ചുരുക്കം’ എന്ന വിഷയത്തെ ആസ്പദമാക്കി സംസാരിച്ചു. മിഷൻ ഫീൽഡിലെ തന്റെ ജീവിതാനുഭവങ്ങൾ പങ്കു വച്ചത് ഏറെ ഹൃദയസ്പർശിയായിരുന്നു. പാസ്റ്റർ ടോണി തോമസ് നേപ്പാൾ, റവ. തമ്പി മാത്യു അറ്റ്ലാന്റ എന്നിവർ ആശംസകളറിയിച്ചു.




Edited, Printed and Online Published by Binu Vadasserikkara and owned by Anil P.M
on behalf of Excel Ministries P.B. No-82, Pathanamthitta P.O., Kerala- 689 645